പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – **272** **10.07. 2015-** ലെ മറുപടി

**പ്രവാസി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. എം.എ.ബേബി<br>ശ്രീ. എം. ഹംസ<br>ശ്രീ. ജെയിംസ് മാത്യു | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ) പ്രവാസി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | എ) കേരള പ്രവാസി ക്ഷേമ ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 66,621 ആയിരുന്ന പ്രവാസി ക്ഷേമനിധി അംഗത്വം ഇപ്പോൾ 1,31,033 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ക്ഷേമ ബോർഡ് അനുവദിച്ചുവരുന്ന ചികിത്സാധനസഹായം, മരണാനന്തര ധനസഹായം എന്നീ ആനുകൂല്യ പദ്ധതികൾക്ക പുറമെ വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ആനുകൂല്യം എന്നിവയും ബോർഡിൽ നിന്നും അംഗങ്ങൾക്കായി ഇപ്പോൾ അനുവദിച്ചുവരുന്നു. കൂടാതെ പെൻഷൻ, കുടുംബ പെൻഷൻ എന്നിവയും ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. |
| ബി)പ്രവാസി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ നൽകി തുടങ്ങിയോയെന്നു വെളിപ്പെടുത്തുമോ ; | ബി) 2014 സെപ്റ്റംബർ മാസം മുതൽ പെൻഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. |

സി)അഞ്ചു വർഷം പണമടച്ചവർക്ക് സാങ്കേതിക കാരണം പറഞ്ഞ് പെൻഷൻ നിഷേധിക്കുന്നതായ സ്ഥിതിവിശേഷം ബോർഡിൽ നിലനിൽക്കുന്നുണ്ടോയെന്ന വ്യക്തമാക്കുമോ ;

സി) അംഗത്വ തീയതി മുതൽ 60 വയസ്സുവരെ തുടർച്ചയായി അംശദായമടച്ചിട്ടുള്ള എല്ലാ അംഗങ്ങൾക്കും ബോർഡിൽ നിന്നും പെൻഷൻ അനുവദിച്ചുവരുന്നുണ്ട്.

ഡി)ക്ഷേമനിധിയിൽ നിലവിൽ എത്ര അംഗങ്ങളാണുള്ളത് എന്ന കണക്ക് ലഭ്യമാണോ ; ഇത് ആകെ പ്രവാസി മലയാളികളുടെ എണ്ണം കണക്കാക്കുമ്പോൾ ഇത് എത്രത്തോളം തൃപ്തികരമാണ് ?

ഡി) പ്രവാസി ക്ഷേമനിധിയിൽ 1,31,033 അംഗങ്ങൾ നിലവിലുണ്ട്. പ്രവാസി ക്ഷേമനിധി അംഗത്വം വർദ്ധിപ്പിക്കുന്നതിന് പ്രവാസി സംഘടനകളുടെ മറ്റും സഹായത്തോടെ ബോർഡ് ബോധവത്ക്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ